# ഇരുട്ടിൽ

തമ്പിആന്റെണിതെക്കേക്കുറ്റ്

ഇരുട്ടിലൊരുനാൾ
ഈ ലോകം ജനിച്ചു
കൂരിരുട്ടിലൊരുകോടി
സൗരയൂഥങ്ങൾ
സൗവർണ്ണപരാഗമീ
ഭൂമിയും പ്രകൃതിയും
ഭൂമിയെ സ്നേഹിച്ച
ജന്മാന്തരങ്ങളും
യുഗയുഗാന്തരങ്ങളായി
വന്നുപോയരാ
പ്രവാചകന്മാരും
മാനുഷദൈവങ്ങളും
അവരറിയാത്ത
അവതാരലക്ഷ്യങ്ങളും
കണ്ണുനീർ വീഴ്ത്താത്ത
മൺദൈവങ്ങളും
മതഭ്രാന്തിലുയരുന്ന
വിശ്വാസ ഗോപുരങ്ങളും
അവിശ്വാസികളും
അലയുന്നൊരുതുള്ളി
വെളിച്ചത്തിനായി